**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 197** **05-12-2022 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് താലൂക്ക് ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി ആരംഭിച്ച കിഫ്ബി പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | ഉണ്ട്. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ കിഫ്ബി മുഖേന രണ്ട് ഘട്ടങ്ങളിലായി നടന്നുവരുന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഏഴ് നില കെട്ടിടത്തിന്റെ പണി (സ്ട്രക്ചറൽ വർക്ക്) യുടെ 73% പൂർത്തീകരിച്ചതുൾപ്പെടെ സിവിൽ വർക്കുകൾ 75% പൂർത്തിയാ ക്കിയിട്ടുണ്ട്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകൾ നടത്തുന്നതിനുള്ള ടെൻഡർ വർക്കുകൾ പൂർത്തിയായി വരുന്നു. എം.ഇ.പി വർക്ക് കഴിഞ്ഞാലുടൻ കെ.എം.എസ്.സി.എൽ ഉൾപ്പെടെയുള്ള ഏജൻസികളിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനും ഫർണിഷിംഗ് വർക്കുകൾ തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാനിന്റെ പണി ഇതോടൊപ്പം നടന്നുവരുന്നുണ്ട്. |
| (ബി) | ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അത് എന്നത്തേക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | 2-ാം ഘട്ട പദ്ധതിയായ MEP വർക്കുകൾ ടെൻഡർ നടപടികളുമായി പുരോഗമിക്കു കയാണ്. പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ബ്ലഡ് ബാങ്ക് വിത്ത് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ്, മെഡിക്കൽ-സർജ്ജിക്കൽ ഐ.സി.യുകൾ, ബ്രോങ്കോ സ്കോപ്പി ഏര്യ, റ്റി.എം.റ്റി സൗകര്യം, ഓരോ സ്പെഷ്യാലിറ്റിക്കും പ്രത്യേകം ഓപ്പറേഷൻ തീയേറ്റർ, സെൻട്രൽ സ്റ്റെറിലൈസ്ഡ് സർവ്വീസ് ഡിപ്പാർട്ട്മെന്റ്, ടെലിമെഡി സിൻ വിഭാഗം എന്നിവയും കോമ്പൗണ്ട് വാൾ വർക്ക്, വാഹന പാർക്കിംഗ് ഏര്യ എന്നിവയും പൂർത്തിയാക്കാനുണ്ട്. മെഡി ക്കൽ ഉപകരണങ്ങൾ വാങ്ങൽ, ഫർണിച്ചർ വാങ്ങൽ, നെയിംബോർഡ് സ്ഥാപിക്കൽ എന്നിവയാണ് ഇനി പൂർത്തിയാകാനുള്ളത്. സാമ്പത്തിക അനുമതിയ്ക്കായുള്ള നടപടികൾക്ക് കിഫ്ബി യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതി 2 വർഷത്തിനു ള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമി ടുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രോജക്ട് പൂർത്തിയാക്കുമ്പോൾ എന്തെല്ലാം കൂടുതൽ ചികിത്സാ സൗകര്യങ്ങളാണ് ഇവിടെ സജ്ജമാക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | എമർജൻസി/ട്രോമോ കെയർ, റേഡിയോ ഡയഗ്നോസിസ് ഡിപ്പാർട്ട്മെന്റ്, ഓപ്പറേ ഷൻ തീയേറ്റർ കോംപ്ലക്സ്, ഐ.സി.യുകൾ, വാർഡുകൾ, ഡയാലിസിസ് യൂണിറ്റ് എന്നിവയാണ് പ്രോജക്ട് പൂർത്തിയാ ക്കുമ്പോൾ പ്രസ്തുത ആശുപത്രിയില്ലു ണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ